**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4102** **27-10-2021 - ൽ മറുപടിയ്ക്ക്**

**വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് കനത്ത മാനസിക സംഘർഷത്തിന്റെ അന്തരീക്ഷത്തിൽ കൂടുതൽ പേരെ ലഹരിയുടെ വഴിയിലേക്ക് നയിക്കുവാൻ ലഹരി മാഫിയയുടെ ഭാഗത്ത് നിന്ന് ശ്രമം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | കണ്ടെത്തിയിട്ടില്ല. |
| (ബി) | വിദ്യാർത്ഥികളെയും യുവാക്കളെയും ലഹരിക്കെതിരെ അണി നിരത്തുവാൻ സർക്കാർ തലത്തിൽ നടത്തുന്ന ശ്രമങ്ങൾ വിജയപ്രദമാണോ; വിശദമാക്കുമോ; | (ബി) | വിജയപ്രദമാണ്. സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, ഗ്രന്ഥശാല സംഘങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എസ്.പി.സി., എൻ.എസ്.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തല വിമുക്തി കമ്മിറ്റികൾ എന്നിവ മുഖേന നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ, വിമുക്തി മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന ലഹരി മുക്ത ചികിത്സാ കേന്ദ്രങ്ങളുടെയും, കൗൺസിലിംഗ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പൊതു സമൂഹത്തിൽ നിന്നും യുവജനങ്ങളിൽ നിന്നും കിട്ടുന്ന പിൻതുണയും അംഗീകാരവും ഈ സംരംഭം വിജയപ്രദമാണ് എന്നുള്ളതിന്റെ തെളിവാണ്. |
| (സി) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത സമൂഹം കെട്ടിപ്പെടുക്കുന്നതിനായി ഈ സർക്കാർ രൂപീകരിച്ച വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത് കാര്യക്ഷമമാണോ എന്ന് പഠന വിധേയമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | വൈവിദ്ധ്യമാർന്നതും, പുതുമയാർന്നതും സമൂഹത്തിലെ എല്ലാ മേഖലകളിലും ശ്രദ്ധിക്കപ്പെടുന്നതുമായ വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് കേരളസംസ്ഥാന ലഹരിവർജ്ജനമിഷൻ വിമുക്തിയുടെ നേതൃത്വത്തിൽ നടത്തി വരുന്നത്. സംസ്ഥാനത്ത് എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. |

| | | | |
|---|---|---|---|
| | | | ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാലയങ്ങൾ  ലഹരി മുക്തമാക്കുന്നതിനും, വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാലകളുടെ കീഴിൽ വരുന്ന കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ/ കൗൺസിലിംഗ് നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ